LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) അടുത്ത മൂന്ന് സാമ്പത്തിക വർഷത്തേക്ക് സംസ്ഥാനത്തെ റവന്യൂ കമ്മി നികത്തുന്നതിനുള്ള ഗ്രാന്റ് സംബന്ധിച്ച് പതിനാലാം ധനകാര്യ കമ്മീഷൻ ശിപാർശ കേന്ദ്ര സർക്കാർ തത്ത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്.

(ബി) റവന്യൂ കമ്മി നികത്തുന്നതിനുള്ള ഗ്രാന്റ് ലഭിക്കുന്നതിന് പതിനാലാം ധനകാര്യ കമ്മീഷൻ പ്രത്യേക വ്യവസ്ഥകൾ ശിപാർശ ചെയ്തിട്ടില്ല. എന്നാൽ പ്രസ്തുത ശിപാർശ കേന്ദ്ര ഗവൺമെന്റ് തത്വത്തിൽ മാത്രമേ അംഗീകരിച്ചിട്ടുള്ളൂ. കൂടാതെ സംസ്ഥാനത്തിന്റെ റവന്യൂ വർദ്ധനവിനും ധനശുദ്ധീകരണ നടപടികൾക്കും അനുസരിച്ചായിരിക്കും പ്രസ്തുത ഗ്രാന്റ് അനുവദിക്കുകയെന്നും കേന്ദ്ര ഗവൺമെന്റ് നടപടി റിപ്പോർട്ടിൽ വ്യക്തമാക്കിയിട്ടുണ്ട്.

(സി) റവന്യൂ കമ്മി ഗ്രാന്റിന്റെ വ്യവസ്ഥകൾ സംബന്ധിച്ച മാർഗ്ഗരേഖ ഇതുവരെ കേന്ദ്ര ഗവൺമെന്റ് പുറപ്പെടുവിച്ചിട്ടില്ല. ഇത് ലഭിക്കുന്ന മുറയ്ക്ക് മാത്രമേ ഇതുസംബന്ധിച്ച സംസ്ഥാന നിലപാട് വ്യക്തമാക്കാൻ കഴിയൂ.

(ഡി) സി പിരിവിലെ ഉത്തരത്തിന്റെ വെളിച്ചത്തിൽ ഉദിക്കുന്നില്ല.

വാർഷിക പദ്ധതി നടത്തിപ്പിന്റെ പുരോഗതി

64 (1462) ശ്രീ. ജി. സുധാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2014-15 സാമ്പത്തിക വർഷത്തെ വാർഷിക പദ്ധതി നടത്തിപ്പിന്റെ പുരോഗതി ആസൂത്രണ ബോർഡ് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ ലഭ്യമായ വിവരങ്ങൾ നല്കുമോ ;

(ബി) 2014-15 വർഷത്തെ ബഡ്ജറ്റിൽ ഫെബ്രുവരി 28 വരെ ഓരോ വകുപ്പിനും വകയിരുത്തിയ തുകയും ചിലവഴിച്ച തുകയും, വകയിരുത്തിയ തുകയുടെ എത്ര ശതമാനമാണ് ഓരോ വകുപ്പും ചിലവഴിച്ചതെന്നും വിശദമാക്കാമോ ;

(സി) തദ്ദേശസ്ഥാപനങ്ങൾക്ക് ബഡ്ജറ്റിൽ വകയിരുത്തപ്പെട്ട ആകെ തുക എത്രയായിരുന്നു ; എത്ര ശതമാനം തുക 2015 ഫെബ്രുവരി 28 വരെ തദ്ദേശ സ്ഥാപനങ്ങൾക്ക് നൽകുകയുണ്ടായി ; ഇതിൽ ചെലവഴിക്കപ്പെട്ട തുക എത്ര ; ശതമാനം എത്ര ;

(ഡി) സാമ്പത്തിക വർഷം അവസാനിക്കാറായത് കണക്കിലെടുത്ത് പദ്ധതി നിർവ്വഹണം ഊർജ്ജിതപ്പെടുത്താൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 2014-15 സാമ്പത്തിക വർഷത്തെ വാർഷിക പദ്ധതി നടത്തിപ്പിന്റെ പുരോഗതി ആസൂത്രണ ബോർഡ് വിലയിരുത്തിയിട്ടുണ്ട്. 2014-15 വാർഷിക പദ്ധതി വിഹിതമായ 20,000 കോടി രൂപയിൽ 2015 ജനുവരി 31 വരെ 42 ശതമാനം വരുന്ന 8429 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

(ബി) 2014-15 വാർഷത്തെ ബഡ്ജറ്റിൽ ഫെബ്രുവരി 28 വരെ ഓരോ വകുപ്പിനും വകയിരുത്തിയ തുകയും ചെലവഴിച്ച തുകയും വകയിരുത്തിയ തുകയുടെ എത്ര ശതമാനമാണ് ഓരോ വകുപ്പും ചെലവഴിച്ചത് എന്നതിന്റെ ലഭ്യമായ വിശദാംശങ്ങൾ വകുപ്പ് തിരിച്ച് അനുബന്ധമായി നൽകുന്നു.*

(സി) തദ്ദേശ സ്ഥാപനങ്ങൾക്ക് ബഡ്ജറ്റിൽ വകയിരുത്തപ്പെട്ട ആകെ തുക 4700 കോടി രൂപയായിരുന്നു. അതിൽ 28-2-2015 വരെ 1950.70 കോടി രൂപ (42%) ചെലവഴിച്ചിട്ടുണ്ട്. ഫെബ്രുവരി 28 വരെ തദ്ദേശ സ്ഥാപനങ്ങൾക്ക് 3082.23 കോടി രൂപ നൽകിയിട്ടുണ്ട്.

(ഡി) പദ്ധതി നിർവ്വഹണം ഊർജ്ജിതപ്പെടുത്തുന്നതിന് പ്ലാൻ സ്പേസ് സംവിധാനം ഉപയോഗിച്ച് എല്ലാ മാസവും പദ്ധതി നിർവ്വഹണ പുരോഗതി അവലോകനം ചെയ്യുകയും ആയതിൻ പ്രകാരം ലഭ്യമാകുന്ന വിവരങ്ങൾ തുടർനടപടികൾക്കായി ബഹു. മുഖ്യമന്ത്രി, ബഹു. മന്ത്രിമാർ, ചീഫ് സെക്രട്ടറി എന്നിവർക്ക് കുറിപ്പ്/അർദ്ധ ഔദ്യോഗിക കത്തുകൾവഴി എല്ലാ മാസവും അറിയിക്കുന്നുണ്ട്. കൂടാതെ 2014-15 വർഷത്തെ തദ്ദേശഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതിയുടെ നിർവ്വഹണ പുരോഗതി അവലോകനം ചെയ്യുന്നതിന് ഒരു യോഗം 14-1-2015-ന് സെക്രട്ടേറിയറ്റിലെ ദർബാർ ഹാളിൽവച്ച് ചേർന്നു. ജില്ലാ ആസൂത്രണ സമിതി ചെയർമാന്റെയും ജില്ലാ കളക്ടറുടെയും നേതൃത്വത്തിൽ സമയബന്ധിതമായി പദ്ധതി പൂർത്തീകരിക്കുന്നതിനുവേണ്ടി ജില്ലാതല അവലോകനയോഗം അടിയന്തിരമായി നടത്തണമെന്ന് നിർദ്ദേശിച്ചു

സംസ്ഥാന ആസൂത്രണ ബോർഡിൽ പ്ലാൻ സ്പെയ്സ് സംവിധാനം

65 (1463) ശ്രീ. എം. പി. വിൻസെന്റ് :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. എ. റ്റി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ആസൂത്രണ ബോർഡിൽ പ്ലാൻ സ്പെയ്സ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ടോ ; എങ്കിൽ പ്രസ്തുത സംവിധാനത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ ;

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.